പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3807 17.10.2011- ലെ മറുപടി

<u>അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിലെ തടസ്സങ്ങൾ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. രാജു

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | 2001 സെപ്റ്റംബർ 18-ന് പി.എസ്.സി. പ്രസിദ്ധീകരിച്ച 14000 പേർ ഉൾപ്പെട്ട കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് (2004 ഡിസംബർ 31) അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരായി നിയമനം ലഭിച്ച് കഴിഞ്ഞ 7 വർഷക്കാലമായി ദിവസവേതനത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 912 കണ്ടക്ടർമാരെ സർക്കാർ സ്ഥിരപ്പെടുത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) | 2001 - ലെ പി.എസ്.സി. അൺ അഡ്വൈസ്ഡ് റാങ്ക് ലിസ്റ്റിൽ നിന്നും എംപാനൽ കണ്ടക്ടർമാരായി ജോലി ചെയ്തുവരുന്ന 912 പേരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ഇനിയൊരു പി.എസ്.സി. പരീക്ഷ എഴുതുവാൻ പ്രായപരിധി അനുവദിക്കാത്ത പ്രസ്തുത വിഭാഗത്തെ മാനുഷിക പരിഗണന പ്രകാരം സ്ഥിരപ്പെടുത്തണമെന്ന കാര്യം പരിഗണിക്കണമെന്ന ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശം പരിഗണിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് സദയം വ്യക്തമാക്കുമോ ? | (ബി) | കേരള ഹൈക്കോടതിയുടെ പ്രസ്തുത നിർദ്ദേശം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ 3.6.2010 ലെ WP(c) No.8325/09 നമ്പർ വിധിന്യായം പ്രകാരം, 2001 ലെ അൺ അഡ്വൈസ്ഡ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട താൽക്കാലിക കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ നിയമാനുസൃത തീരുമാനം കൈകൊള്ളുവാൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥിരപ്പെടുത്തൽ സംബന്ധിച്ച നടപടികളോട് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ